"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് – സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(കൈ) നം.39/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/02/2020**

---

**<u>ഉത്തരവ്</u>**

കേരളത്തിൽ അങ്ങോളമിങ്ങോളം റോഡ് മാർഗം യാത്ര ചെയ്യുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കും യാത്രമധ്യേ ഉപയോഗ യോഗ്യമായ പൊതു ശുചിമുറികളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. പലപ്പോഴും പെട്രോൾ പമ്പുകളിലുള്ള ശുചിമുറികൾ ഉപഭോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കുറഞ്ഞപക്ഷം വൃത്തിയുള്ള ശുചിമുറികളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും തുടങ്ങുവാനുമാണ് ലക്ഷ്യമിടുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന രീതിയിലായിരിക്കണം പൊതു ശുചിമുറികൾ പ്രവർത്തിക്കേണ്ടത്. പൊതു ശുചിമുറികളുടെ നിർമ്മാണ ചെലവ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും.

2. മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1.** ദേശീയ പാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്നു സെന്റ് സർക്കാർ ഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

**2.**വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് അതത് ജില്ലാ കളക്ടർമാർ നൽകേണ്ടതാണ്.

**3.**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ബന്ധപ്പെട്ട ജില്ലാതല വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

**4.**തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.

**5.**ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ കളക്ടമാർക്കും
എല്ലാ ഗ്രാമ / ജില്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാതല വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേന)
എല്ലാ വില്ലേജ് ഓഫീസർമാർക്കും (ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E& RSA)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ..................തീയതി ..............................)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.02.22 10:56:15 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്–

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്–ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്